**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1965** 04.05.2017 - ൽ മറുപടിക്ക്

## ഒല്ലൂർ മണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. രാജൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |
| ഒല്ലൂർ നിയോജക മണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ? | ഒല്ലൂർ നിയോജക മണ്ഡലത്തിൽ 8 പട്ടികജാതി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 4 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1. **മാടക്കത്തറ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.ആർ.742.**<br>ടി സംഘത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ട്. സംഘം നഷ്ടത്തിലാണെങ്കിലും ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.<br>2. **മാന്ദാമംഗലം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എച്ച്.ഡബ്ല്യൂ.42.**<br>ടി സംഘത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുണ്ട്. സംഘം മുൻപ് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതാണെങ്കിലും പിന്നീട് പ്രവർത്തന രഹിതമാവുകയും എന്നാൽ ഇപ്പോൾ പുനരുദ്ധരിക്കാനുള്ള നടപടികൾ നടന്നുവരുന്നതുമാണ്. സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.<br>3. **ഒല്ലൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.ആർ.751.**<br>ടി സംഘത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുണ്ട്. സംഘം നഷ്ടത്തിലാണെങ്കിലും ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.<br>4. **നെട്ടുപ്പുഴ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.ആർ.201.**<br>ടി സംഘത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുണ്ട്. സംഘം നഷ്ടത്തിലാണെങ്കിലും |

ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഏഡ് പ്രോഡക്റ്റ്സ് ഉൽപ്പാദനമാണ് ഇപ്പോൾ നടത്തി വരുന്നത്.

5. **നടത്തറ മുള വ്യവസായ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നം.4156.**

ടി സംഘം പ്രവർത്തന രഹിതമാണ്. ടി സംഘത്തിൽ ഭരണ സമിതിയോ അഡ്മിനിസ്ട്രേറ്ററോ. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ നിലവിലില്ല.

6. **പാണഞ്ചേരി പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ.ആർ.738.**

ടി സംഘത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ടെങ്കിലും സംഘം പ്രവർത്തനരഹിതമാണ്.

7. **പീച്ചി പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം ക്ലിപ്തം നം.ആർ.748**

ടി സംഘം പ്രവർത്തന രഹിതമാണ്. ടി സംഘത്തിൽ ഭരണ സമിതി നിലവിലില്ല.

8. **തൃശ്ശൂർ പട്ടികജാതി മത്സ്യതൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1287.**

ടി സംഘം പ്രവർത്തന രഹിതമാണ്. ടി സംഘത്തിൽ ഭരണ സമിതി നിലവിലില്ല.

കൂടാതെ ഒല്ലൂർ നിയോജകമണ്ഡലത്തിൽ തൃശ്ശൂർ തലപ്പിള്ളി താലൂക്ക് പട്ടികവർഗ്ഗ സഹകരണ സംഘം ക്ലിപ്തം നം.ആർ.673 എന്ന ഒരു പട്ടികവർഗ്ഗ സഹകരണ സംഘവും പ്രവർത്തിക്കുന്നു. ടി സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഇപ്പോൾ ചെറിയ തോതിൽ വനവിഭവം ശേഖരണം നടത്തി വിപണനം നടത്തി വരുന്നു. തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**